**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **06-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് പൊതുജനാരോഗ്യ രംഗത്ത് ദേശീയ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഹാമാരിയുടെ പ്രതിസന്ധിയെ അതിജീവിക്കാൻ ഏർപ്പെടുത്തിയ സുശക്തമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ടോ; | (എ) | തീർച്ചയായും സഹായകരമായിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ആദ്യത്തെ കോവിഡ് രോഗബാധ കേരളത്തിൽ റിപ്പോർട്ട് ചെയ്ത നാൾ മുതൽ (2020 ജനുവരി 30) കേരളത്തിലെ ആരോഗ്യ സംവിധാനം വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രോഗിയുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള എല്ലാവരെയും പരിശോധനയ്ക്ക് വിധേയമാക്കുകയും രോഗബാധ സ്ഥിരീകരിച്ചവർക്ക് ശരിയായ ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു. ഇവരുമായി സമ്പർക്കത്തിൽപ്പെട്ട എല്ലാവരെയും യഥാസമയം കണ്ടെത്തി അവരെ നിരീക്ഷണത്തിൽ വയ്ക്കുകയും രോഗലക്ഷണങ്ങൾ പ്രകടമാകുന്നവരെ പരിശോധിച്ച് ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങളും ചികിത്സാ സംവിധാനങ്ങളും കേരളത്തിൽ തുടക്കം മുതൽ തന്നെ ഉറപ്പാക്കിയിരുന്നു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ വിവിധ പരിശീലനങ്ങളും എല്ലാ തലങ്ങളിലും ഊർജ്ജിതമായിതന്നെ നടപ്പിലാക്കിയിരുന്നു. പ്രാഥമികാരോഗ്യ തലത്തിൽ വാർഡ്തല സംവിധാനങ്ങൾ ശക്തമായി വാർഡ് മെമ്പർ ചെയർ പേഴ്സണായും JPHN, JHI കൺവീനർമാരായും ആശാപ്രവർത്തകരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ഊർജ്ജിതമാക്കിയ സംവിധാനം കോവിഡിന്റെ പ്രതിരോധ പ്രവർത്തനത്തെ ശക്തിപ്പെടുത്തുക ഉണ്ടായിട്ടുണ്ട്. കോവിഡ് രോഗികൾക്ക് ചികിത്സയ്ക്കായി രോഗലക്ഷണങ്ങൾക്കനുസരിച്ച് |

| | | | |
|---|---|---|---|
| | | | ഡി.സി.സി.കൾ, സി.എഫ്.എൽ.റ്റി.സി.കൾ, സി.എസ്.എൽ.റ്റി.സി.കൾ, കോവിഡ് ആശുപത്രികൾ എന്നിങ്ങനെ ചികിത്സാ കേന്ദ്രങ്ങൾ ക്രമീകരിച്ചു. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണ സന്ദേശങ്ങളും, ബോധവത്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിയതു വഴി കേരളത്തിലെ രോഗാതുരതയും, മരണവും ഒരു പരിധിവരെ കുറയ്ക്കുവാനായിട്ടുണ്ട്. രോഗീപരിചരണ രംഗത്ത് ആശുപത്രികളിൽ ഓക്സിജൻ സൗകര്യങ്ങളും തീവ്രപരിചരണ സംവിധാനങ്ങളും വെന്റിലേറ്ററുകളും ഉൾപ്പെടെ കോവിഡ് മഹാമാരിയെ അതിജീവിക്കുവാൻ വളരെയധികം സൗകര്യങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. പൊതു-സ്വകാര്യ മേഖലയിലെ നിർദ്ദിഷ്ട ലാബുകളിൽ സാമ്പിൾ പരിശോധനാ സൗകര്യങ്ങൾ സജ്ജീകരിച്ചു. കോവിഡ് വാക്സിനേഷൻ 2021 ജനുവരി മുതൽ തന്നെ കാര്യക്ഷമമായി നടപ്പിലാക്കുകയുണ്ടായി. രോഗബാധിതർക്കും അവരുടെ ബന്ധുക്കൾക്കും ആവശ്യമായ മാനസിക പിന്തുണയും ഉറപ്പാക്കിയിരുന്നു. ദിശയുടെ കാൾ സെന്ററുകളും സംശയ നിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുകയുണ്ടായി. കൂടാതെ പ്രകടമായ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെയും ചെറിയ രീതിയിൽ രോഗലക്ഷണങ്ങൾ ഉള്ളവരെയും വീടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കുവാനും സാധിച്ചിരുന്നു. ഇതിനായി വിവിധ സ്പെഷ്യലിസ്റ്റുകളുടെ സേവനം ടെലിമെഡിസിൻ സംവിധാനം വഴി എല്ലാ ജില്ലകളിലും ഉറപ്പാക്കിയിരുന്നു. കോവിഡിന്റെ മൂന്ന് ഘട്ടങ്ങളിൽ ഒരു ഘട്ടത്തിൽപോലും കേരളത്തിലെ ചികിത്സാ സംവിധാനം സമ്മർദ്ദത്തിൽ ആയിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്.<br><br>ഇപ്രകാരം കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ സംസ്ഥാനത്തിൽ നടപ്പിലാക്കിയ വിപുലമായ ആരോഗ്യ പരിപാലന സംവിധാനം മൂലം കോവിഡ് മാത്രമല്ല നിപ പോലുള്ള മാരകമായ പല പകർച്ചവ്യാധികളെയും പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന പ്രതിസന്ധികളെയും യഥാവിധി തരണം ചെയ്യാൻ കേരളത്തിന്റെ ആരോഗ്യ സംവിധാനം സുശക്തമാണ്**.** |
| (ബി) | രാജ്യത്ത് എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയ ഏറ്റവും കൂടുതൽ ആശുപത്രികളുള്ള സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ എത്ര | (ബി) | ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day -17 സെപ്റ്റംബർ 2021) ഭാഗമായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച 'രോഗി സുരക്ഷാ സപ്താഹ് |

| | | | |
|---|---|---|---|
| | ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | | വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ ആശുപത്രികളുള്ള സംസ്ഥാനങ്ങൾക്കുള്ള പുരസ്കാരം പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി. ദേശീയ തലത്തിൽ എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തിന് അർഹമായി. എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിലും കേരളത്തിന് അംഗീകാരം ലഭിച്ചു.<br>കേരളത്തിലെ 145 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ചു, അതിൽ 4 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 38 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 91 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ബാക്കിയുള്ള ആശുപത്രികളെക്കൂടി എൻ.ക്യൂ.എ.എസ്. നിലവാരത്തിലെത്തിക്കുന്നതിന് നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ആരോഗ്യ മന്ത്രാലയം ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനു വേണ്ടി രാജ്യത്തെ എല്ലാ സർക്കാർ ആശുപത്രികളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അഥവാ എൻ.ക്യു.എ.എസ്. അന്തർദേശീയ നിലവാര നിർണ്ണയ ഏജൻസിയായ I S Q U A – യുടെ അംഗീകാരമുള്ള പുരസ്കാരമാണ് എൻ.ക്യു.എ.എസ്.<br><br>സർവീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ട് സർവീസസ്സ്, ക്ലിനിക്കൽ കെയർ, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെൻറ്, ഔട്ട്കം എന്നീ 8 വിഭാഗങ്ങളായി 6500 ഓളം സൂചകങ്ങൾ വിലയിരുത്തിയാണ് എൻ.ക്യു എ.എസ് അംഗീകാരം നൽകുന്നത്.<br>സംസ്ഥാനത്തു നടത്തിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റികൊണ്ടിരിക്കുകയാണ്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും എൻ.ക്യു.എ.എസ് അംഗീകാരം നേടിയെടുക്കുകയാണ് സംസ്ഥാന സർക്കാറിന്റെ ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 276 സർക്കാർ ആശുപത്രികൾക്ക് എൻ.ക്യു.എ.എസ് അംഗീകാരം നേടുക എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യവകുപ്പ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ